LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇക്കാര്യത്തിൽ ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. കൃഷി ഭൂമിയും കർഷകന്റെ കൈവശമിരിക്കുന്ന ഭൂമിയും ഒരു കാരണവശാലും ഇ.എസ്.എ.യിൽ ഉൾപ്പെടില്ല. വനഭൂമി പല രീതിയിലും കൺവെർട്ട് ചെയ്തിട്ടുണ്ട്. അതിലൊന്നാം ഒരു ബുദ്ധിമുട്ടും വരാത്തവിധത്തിലാണ് കാര്യങ്ങൾ ഇതുവരെ കൊണ്ടുപോയിട്ടുള്ളത്. സർക്കാരിന് വന്നിരിക്കുന്നൊരു ബുദ്ധിമുട്ടെന്നാ പറയുന്നത്. സർവ്വേ നമ്പർ ഉൾപ്പെടെ നൽകണമെന്നു നിർദ്ദേശമാണ്. അത് അവിടെയുള്ള ജനപ്രതിനിധികൾക്ക് നല്ലതുപോലെ അറിയാവുന്നതാണ്. ഓരോ വില്ലേജിലുമുള്ള ഫോറസ്റ്റ് ഏരിയ കണക്കാക്കിവച്ചിട്ടുണ്ട്. അങ്ങനെയാണ് കോട്ടയം ജില്ലയിലെ പൂഞ്ഞാർ അടക്കം നാല് വില്ലേജുകളെ (തീക്കോയി, പൂഞ്ഞാർ, തെക്കേക്കര, കൂട്ടിക്കൽ) ഒഴിവാക്കിയത്. ആ വില്ലേജുകളിൽ വനമേഖലയില്ല. ഫോറസ്റ്റും നോമാൻസ് ലാന്റും അല്ലാതെ ഒരു ഭൂമിയും ഇ.എസ്.എ.യിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് പറഞ്ഞപ്പോൾ നാല് വില്ലേജുകൾ അവർതന്നെ എഴുതി ചെയ്ത് ഒഴിവാക്കിത്തന്നു. തത്വത്തിൽ കേന്ദ്ര ഗവൺമെന്റ് വനപ്രദേശത്തിലേക്ക് ഇ.എസ്.എ. ലിമിറ്റ് ചെയ്യുന്നതിന് സമ്മതിച്ചിരിക്കുന്നു എന്നതിന്റെ സൂചനയാണ് 123-ൽ നിന്ന് നാല് വില്ലേജുകളെ ഒഴിവാക്കി കേരളത്തോട് 119 വില്ലേജുകളുടെ സർവ്വേ നമ്പറുകൾ ചോദിച്ചിരിക്കുന്നത്. സർവ്വേ നമ്പറിനുപകരം വ്യക്തമായ ഏരിയ തയ്യാറാക്കിവച്ചിട്ടുണ്ട്, ഉടൻതന്നെ കൊടുക്കുന്നതായിരിക്കും.

(3) കായിക സർവ്വകലാശാല

ശ്രീ. എം. എ. വാഹിദ്: സർ, മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസോടുകൂടി കേരളം ഒരു സ്പോർട്സ് ഡെസ്റ്റിനേഷനായി മാറിയിരിക്കുകയാണ്. ഇതിന്റെ പ്രധാന കേന്ദ്രമായ കാര്യവട്ടത്തെ എൽ.എൻ.സി.പി.ഇ., എല്ലാ സൗകര്യങ്ങളോടും കൂടിയ കായിക കലാശാലയായി പ്രവർത്തിക്കുകയാണെങ്കിലും ഒരു സർവ്വകലാശാലയുടെ ഇല്ലായ്മയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതോടൊപ്പം ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിച്ച അനാരാംഭ ഗ്രീൻഫീൽഡ് സ്റ്റേഡിയംകൂടി ആയപ്പോൾ എല്ലാ സൗകര്യങ്ങളും കാര്യവട്ടത്ത് ഒത്തിണങ്ങിയിരിക്കുകയാണ്. ഒരു കായിക സർവ്വകലാശാല നമുക്ക് അത്യാവശ്യമായിത്തീർന്നിരിക്കുകയാണ്. അത് കേരളത്തിലെ കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനും കായികരംഗത്ത് കൂടുതൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും ഉപകരിക്കുന്നതാണ്. അതുകൊണ്ട് കാര്യവട്ടം കേന്ദ്രമായി ഒരു കായിക സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗവേഷണവും സ്പോർട്സും യുവജനതയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശ്രീ. എം. എ. വാഹിദ് പറഞ്ഞ കാര്യത്തോട് ഞാൻ യോജിക്കുകയാണ്. നാഷണൽ ഗെയിംസ് നടത്തിയതോടുകൂടി ദേശീയ തലത്തിൽ കേരളത്തിന്റെ കായികക്ഷമതയെക്കുറിച്ചും ഗെയിംസ് നടത്തിപ്പിലുള്ള ശ്രദ്ധയെക്കുറിച്ചും ഇന്ത്യയൊട്ടാകെ നല്ല അഭിപ്രായമാണ് ഉയർന്നുവന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റും ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനും ഒളിമ്പിക് പ്രവർത്തനങ്ങളുമൊക്കെ ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ടാലന്റിനെ വളരെ നന്നായി പ്രശംസിച്ചിട്ടുണ്ട്. കേരളത്തിൽ സ്പോർട്സ് സർവ്വകലാശാല വേണമെന്നത് നമ്മൾ അനാദിയായി ആവശ്യപ്പെട്ടിരുന്ന കാര്യമാണ്. കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ വന്ന സന്ദർഭത്തിൽ അദ്ദേഹവുമായി ചില കാര്യങ്ങളെക്കുറിച്ച് സംസാരിക്കാനും സാധിച്ചിരുന്നു. ഇപ്പോൾ ശ്രീ. എം. എ. വാഹിദ് എൻ.എൻ.സി.ഇ.ബി. കേന്ദ്രീകരിച്ച് സർവ്വകലാശാല വേണമെന്നാണ് അഭ്യർത്ഥിച്ചിട്ടുള്ളത്. എൻ.എൻ.സി.ഇ.ബി. കേരള ഗവൺമെന്റിനുകീഴിലുള്ളതല്ല. അത് SAI-യുടെയും കേന്ദ്ര ഗവൺമെന്റിന്റെയും അധീനതയിലുള്ള പ്രദേശമാണ്. അതുകൊണ്ട് കായിക യൂണിവേഴ്സിറ്റി എന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് കേരളത്തിന് കായിക യൂണിവേഴ്സിറ്റി ആവശ്യമാണെന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്.

(4) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

ശ്രീ. പി. ബി. അബ്ദുൾ റസ്സാക്: സർ, വിഷയം മേശപ്പുറത്തിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരത്തിന്റെ സ്വപ്നപദ്ധതിയായിരുന്ന മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് ഈ സർക്കാർ 2013 ഏപ്രിലിൽ ഭരണാനുമതി നൽകുകയുണ്ടായി. സർക്കാരിന്റെയും പ്രത്യേകിച്ച് വകുപ്പുമന്ത്രിയുടെയും ആത്മാർത്ഥമായ സഹകരണത്തിന് നന്ദി അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ടെണ്ടർ നടപടി പൂർത്തിയാക്കുകയും ബഹുമാനപ്പെട്ട മന്ത്രി തറക്കല്ലിടുകയും ചെയ്തു. നിർഭാഗ്യവശാൽ ടെണ്ടർ എടുത്ത വ്യക്തി മരണപ്പെടുകയും പ്രവൃത്തി ആരംഭിക്കാതെ നിലച്ചുപോവുകയുമാണുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശക്തമായ ഇടപെടലിനെത്തുടർന്ന് റീടെണ്ടർ നടത്തുകയും ടെണ്ടർ നടപടി പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ഇനിയും പ്രവൃത്തി ആരംഭിക്കാത്ത സ്ഥിതിയിലേക്ക് എത്തിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ആയതിനാൽ എത്രയുംവേഗം മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly